Santhigiri

ഉമ്മിണിതങ്കം

VOL 04 | ISSUE 34 | 2018 ആഗസ്റ്റ് 12 | 1193 കർക്കിടകം 27

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ

**ഗുരുവാണി**

"ഒരു നിമിഷമേ പ്രവർത്തിക്കാൻ കഴിയുന്നുള്ളൂ എങ്കിൽ അത് ശരിയായിതന്നെ ചെയ്യണം. അങ്ങനെ ചെയ്താൽ ആ കർമ്മഫലം ഇവിടെ കിടക്കും ."

# നവപൂജിതത്തിന് ഒരുക്കങ്ങളാകുന്നു; വ്രതാരംഭം ഓഗസ്റ്റ് 24 ന്

**സ്പിരിച്വൽ സോൺ:** തൊണ്ണൂറ്റിരണ്ടാമത് ജന്മദിനപൂജിത സമർപ്പണം ആഘോഷത്തിന് –നവപൂജിതം 92– മുന്നോടിയായുള്ള 21 ദിവസം നീണ്ടുനില്ക്കുന്ന വ്രതസങ്കല്പങ്ങൾ ഓഗസ്റ്റ് 24 ന് ആരംഭിക്കും. ആശ്രമത്തിലും വിവിധ ബ്രാഞ്ചാശ്രമങ്ങളിലും നടക്കുന്ന പ്രത്യേക പ്രാർത്ഥനാസങ്കല്പങ്ങളിൽ ആത്മബന്ധുക്കൾ പങ്കെടുക്കും. ഗുരുവിന്റെ ലഘുത്വം കാത്തുസൂക്ഷിച്ചുകൊണ്ട് പ്രാർത്ഥനാപൂർവ്വമാണ് നവപൂജിതം ആഘോഷിക്കുന്നത്.

വ്രതസങ്കല്പങ്ങളുടെ സമയത്ത് ആത്മബന്ധുക്കൾ വീടും പരിസരവും ശുചിയാക്കുകയും അയൽവാസികൾക്ക് മധുരവിതരണം നടത്തുകയും നവപൂജിതത്തിന് ആശ്രമത്തിലേക്ക് ക്ഷണിക്കുന്നതുമാണ്.

നവപൂജിതം ആഘോഷങ്ങൾക്കു മുന്നോടിയായുള്ള പ്രചരണ പ്രവർത്തനങ്ങളും സുവനീർ പ്രവർത്തനങ്ങളും ഇപ്പോൾ നടന്നുവരുന്നു. ഗൃഹനന്മ കൂട്ടായ്മകൾ, സ്നേഹത്തിന്റെ പാഥേയം അന്നദാന പദ്ധതി എന്നിവയാണ് പ്രധാനമായും നടക്കുന്നത്.

ഇരുപത്തിയഞ്ച് ചതുർയുഗങ്ങളായി മഹാത്മാക്കളും ഋഷീശ്വരന്മാരും കാത്തിരുന്ന മഹത്സുദിനമാണ് പൂർണ്ണനിൽ പൂർണ്ണനായ ഒരു മഹാത്മാവിന്റെ ജന്മസാഫല്യം. അതാണ് നവപൂജിതം.

ബ്രഹ്മനിശ്ചയത്തിന്റെ ചിരസ്ഥായിയായ കരുതലാണു ഗുരു. ഗുരു ജനിച്ച് ജീവിച്ച്, പ്രവർത്തിച്ച്, നവഒലിയായി പ്രശോഭിച്ചു നില്ക്കുന്ന ഈ നാട് ബ്രഹ്മത്തിന്റെ കല്പിതഭാവനയാൽ അനുഗ്രഹീതമാണ്. ഇവിടെ ജീവിക്കുന്ന ഓരോ മനുഷ്യനും കുടുംബത്തിനും ശാന്തി അനുഭവിച്ചറിയാൻ കഴിയും. ഓരോ മക്കൾക്കും ചന്തിരൂരിൽനിന്നാരംഭിച്ച ഗുരുവിന്റെ നവവിമോചനപ്രകാശത്തിൽ പങ്കാളികളാകാൻ കഴിയും.

ഗുരു ചരാചരങ്ങളുടെ ജീവന്റെ അധിപനാകുന്നു. ലോകത്തിന്റെ ഭാഗ്യസ്രഷ്ടാവാകുന്നു. സമസ്ത സൃഷ്ടികളുടെയും ഭാഗധേയത്തിനായി ഗുരു എല്ലാം ചെയ്യുന്നു. ചരാചരങ്ങളുടെ ആത്യന്തിക രക്ഷ ഗുരുവിന്റെ ഹസ്തങ്ങളിലാകുന്നു. മാനവരാശിക്കുവേണ്ട ജ്ഞാനത്തിന്റെ അനന്തഭാവങ്ങളും ജീവിതസമ്പൂർത്തിയും ജീവന്റെ സമൂർത്തതയും ഗുരുവിന്റെ കനിമാവിൽ നിക്ഷിപ്തമായിരിക്കുന്നു. ജ്ഞാനസ്നേഹാഭ്യുന്നതങ്ങൾ ഗുരുവിൽ സംഗമിക്കുന്നു.

സ്നേഹവും ഭക്തിയും നിറഞ്ഞ മനസ്സോടെ ഗുരുവിനെ പ്രാർത്ഥിക്കുമ്പോൾ പരിസ്ഫുരിക്കുന്നത് ഗുരുവിന്റെ അനന്യസദൃശമായ ഭാവങ്ങളാണ്. പുണ്യഭാഗ്യങ്ങളുടെ പൂർണ്ണതയായ ഗുരു സമസ്ത പ്രപഞ്ചത്തിന്റെയും ഏറ്റവും മഹനീയമായ പ്രകാശപുഷ്കലതയാണ്. സനാതനധർമ്മത്തിന്റെ മൂല്യസങ്കല്പങ്ങൾ ഗുരുവിൽ സമുച്ചയിക്കുന്നു. കോടാനുകോടി ത്യാഗപഥങ്ങളിലൂടെ ഗുരു സമാർജ്ജിച്ച സുകൃതം എല്ലാവർക്കും നന്മയും സുഖവും ഉണ്ടാകാനും എല്ലാവർക്കും എല്ലാം കിട്ടാനും വേണ്ടി ഗുരു പങ്കുവച്ചു. അങ്ങനെ ഗുരു, ത്യാഗികളിൽ ത്യാഗിയും സ്നേഹത്തിൽ സ്നേഹാതിരേകവുമായി.

പ്രപഞ്ചം നിറയുന്ന ബ്രഹ്മസാരമാണു ഗുരു. ഗുരുവിന്റെ പ്രകാശധോരണിയിൽ പരമേശ്വര സങ്കല്പം യാഥാർത്ഥ്യമാകുന്നു. അപാരതകളിൽ സഞ്ചലിതമാകുന്ന ഗുരുവിന്റെ ആവിസ്മയ പ്രകാശത്തിൽ സകല പാപവിമോചനകർമ്മം നിർവഹിക്കപ്പെടുന്നു.

ജീവന്റെ ആദ്യസ്ഫുരണം ഉണ്ടായ കാലംമുതൽ ആത്മജ്ഞാനികളായ ഋഷീശ്വരന്മാർ ഏതോ അപ്രാപ്യതലങ്ങളിൽ സ്ഥിതിചെയ്തിരുന്ന ഈ പൊരുളിനെ തേടുകയായിരുന്നു. ആ അന്വേഷണങ്ങളെല്ലാം പൊരുളിന്റെ പ്രാന്തതലങ്ങൾക്കപ്പുറം കടന്നുപോവുകയുണ്ടായില്ല. അതുകൊണ്ട് പൊരുളിനെക്കുറിച്ചുള്ള ജ്ഞാനം വിദ്വാന്മാരുടെ നിഗമനങ്ങളിൽ മാത്രം ഒതുങ്ങിനിന്നു. ഗുരുവിന്റെ ശിഷ്യസമ്പത്തിന് ഗുരുലഘുത്വമാർന്ന കനിമാവിൽ, പരംപൊരുൾ തെളിഞ്ഞു പ്രകാശിച്ചു.

കാലത്തിന്റെയും കാലാതീത പൊരുളിന്റെയും നിയന്താവായ ഗുരുഭാവം, മനുഷ്യബുദ്ധിക്കും ചിന്തയ്ക്കും ശാസ്ത്രനിഗമനങ്ങൾക്കും അപ്രാപ്യമായി നിർവചനാതീതനായി നിലകൊള്ളുന്നു.

“ഞാൻ നിങ്ങളിൽ എല്ലാവരിലും എല്ലാമായി നില്ക്കുന്നു” ഗുരുവിന്റെ ആ നിർമലസ്നേഹം മനസിലാകണമെങ്കിൽ ഗുരു എന്റേതാണ്, ഞാൻ ഗുരുവിന്റേതാണ് എന്ന തീരുമാനം ദൃഢമായി ഹൃദയത്തിൽ ഉറയ്ക്കണം. ജീവിതവഴിയിൽ ഗുരു എപ്പോഴും കൂടെയുണ്ടാകും എന്ന സത്യം ഒരിക്കലും വിസ്മരിക്കരുത്. ആ തീരുമാനം ഉള്ളിൽ ഉറപ്പിച്ചുകൊണ്ട് ജീവിച്ചുപോകുന്ന ഏതൊരാൾക്കും ജീവിതത്തിന്റെ ശുദ്ധമായ ഗതിയെ പ്രാപിക്കാൻ കഴിയും. അവസാനം കൂടെവരാൻ ആരുമില്ലാത്തപ്പോൾ കൂടെ വരുന്നത് നവജ്യോതിസ്വരൂപനായ ഗുരു മാത്രം.

## 'നവപൂജിതം' ആലോചനായോഗം ഓഗസ്റ്റ് 14 ന്

**സ്പിരിച്വൽ സോൺ :** നവപൂജിതം-92 ആഘോഷത്തിനു മുന്നോടിയായ ആലോചനായോഗം ഓഗസ്റ്റ് 14 ചൊവ്വാഴ്ച ഉച്ചക്ക് 2 മണിക്ക് സ്പിരിച്വൽ സോൺ കോൺഫറൻസ് ഹാൾ അനക്സിൽ വച്ച് നടക്കും. ആശ്രമം ജനറൽ സെക്രട്ടറി സർവ്വാദരണീയ സ്വാമി ചൈതന്യ ജ്ഞാനതപസ്വിയുടെ അദ്ധ്യക്ഷതയിൽ നടക്കുന്ന യോഗത്തിൽ ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സർവ്വാദരണീയ സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി മുഖ്യപ്രഭാഷണം നടത്തും. ഡിപ്പാർട്ട്മെന്റ് പ്രതിനിധികൾ പങ്കെടുക്കും.

# സ്വാമി ഗുരുരത്നം ജ്ഞാനതപസ്വിക്ക് 'ഒരുമ' പുരസ്കാരം

**തിരുവനന്തപുരം:** പാറശാല 'ഒരുമ' റിക്രിയേഷൻ ക്ലബിന്റെ ജയമഹേഷ് ബാലകൃഷ്ണപിള്ള സ്മാരക ഒരുമ പുരസ്കാരം ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വിക്ക് നല്കും. 25,000 രൂപയുടെതാണ് പുരസ്കാരം. ഓഗസ്റ്റ് 20 ന് പാറശാല ജയമഹേഷ് കല്യാണമണ്ഡപത്തിൽ നടക്കുന്ന ചടങ്ങിൽ മന്ത്രി കടകംപള്ളി സുരേന്ദ്രൻ പുരസ്കാരം നല്കും. എം.എൽ.എ.മാരായ സി.കെ. ഹരീന്ദ്രൻ, കെ. ആൻസലൻ എന്നിവർ ആശംസകൾ അർപ്പിക്കും. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി.ആർ. സലൂജ, പാറശാല ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്. സുരേഷ് എന്നിവരും സംസാരിക്കും.



സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി

# ആയുഷ് കോൺക്ലേവിൽ ശാന്തിഗിരി ആയുർവേദ, സിദ്ധ മെഡിക്കൽ കോളേജുകൾ പങ്കെടുക്കും

**ഹെൽത്ത്കെയർ സോൺ:** അന്താരാഷ്ട്രതലത്തിൽ ആയുർവേദത്തിനും സിദ്ധത്തിനും ഇതര ആയുഷ് ചികിത്സാ സമ്പ്രദായങ്ങൾക്കും പ്രചാരം വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായി കൊച്ചിയിലെ മറൈൻ ഡ്രൈവിൽ സെപ്റ്റംബർ 7 നു ഇന്റർനാഷണൽ ആയുഷ് കോൺക്ലേവിനു തുടക്കമാകും. സെപ്റ്റംബർ 11 വരെ നീണ്ടുനിൽക്കുന്ന കോൺക്ലേവിൽ അന്താരാഷ്ട്ര സെമിനാർ, നാഷണൽ ആരോഗ്യ എക്സ്പോ, ബിസിനസ് മീറ്റ്, ഹെർബൽ ബസാർ, ആയുഷ് ഹെൽത്ത് ബസാർ, ലീഡേഴ്സ് മീറ്റ് തുടങ്ങിയവയും ആയുർവേദ ഔഷധനയം സംബന്ധിച്ച് ശില്പശാലയും കാർഷിക സംഗമവും നടക്കും. കോൺക്ലേവിന്റെ ഭാഗമായി നടക്കുന്ന മെഡിക്കൽ എഡ്യൂക്കേഷൻ എക്സ്പോയിൽ ശാന്തിഗിരി ആയുർവേദ, സിദ്ധ മെഡിക്കൽ കോളേജുകൾക്ക് പ്രത്യേകം സ്റ്റാളുകൾ അനുവദിച്ചിട്ടുണ്ട്. ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. എ. വാസുകീദേവി കോൺക്ലേവിലെ സിദ്ധ സ്പെഷ്യൽ സെഷനിൽ ചെയർപേഴ്സണാകും. വൈസ് പ്രിൻസിപ്പൽമാരായ ഡോ.കെ.ജഗന്നാഥൻ, ഡോ.പി.ഹരിഹരൻ എന്നിവർ സുവനീർ കമ്മറ്റിയിലെ പ്രത്യേക ക്ഷണിതാക്കളാണ്. സിദ്ധ കോൺഫറൻസിൽ ഇവർ അധ്യക്ഷത വഹിക്കും.

*(ശേഷം പേജ് മൂന്നിൽ)*

# ഗുരുവാണി

സ്വർഗത്തിനപ്പുറത്ത് പിശാചുണ്ട് എന്നുപറഞ്ഞാൽ നിങ്ങൾ വിശ്വസിക്കുമോ? ഇത് വളരെ വലിയൊരു വിഷയമാണ്. യോഗഭ്രഷ്ടന്മാർ എന്നറിയപ്പെടുന്ന ഒരു വിഭാഗമുണ്ട്. തപസ്സു ചെയ്ത് ശക്തിപ്രാപിച്ചു മാറിനിൽക്കുന്നവർ. ഇവരാണ് ലോകത്തെ ഉപദ്രവിക്കുന്നവർ. ഇവരെ ഒരുപാധിയിലൂടെയും ഇന്നുവരെ ആർക്കും കാണാൻ കഴിഞ്ഞിട്ടില്ല. ചെകുത്താനും ദൈവത്തിനും ഇടയ്ക്കാണിവരുടെ സ്ഥാനം. ഇവർ ഹംസയോഗം ശീലിച്ച്, ശരീരത്തിലുള്ള വായു ശക്തിപ്പെടുത്തി, പറക്കുന്ന സ്വഭാവം വശപ്പെടുത്തിയിട്ടുള്ളവരാണ്. അതിനാൽ ഇവരെ കടന്ന് ബ്രഹ്മലോകത്തെത്താൻ ആർക്കും സാദ്ധ്യമല്ല. ഈ യോഗഭ്രഷ്ടന്മാർ ബ്രഹ്മാവിനെപ്പോലും ജയിച്ചവരാണ്. ബ്രഹ്മലോകത്തേക്ക് കയറിച്ചെല്ലാൻ ശ്രമിക്കുന്ന ആരെയും ഇവർ ഉപദ്രവിക്കും. ഗന്ധർവ്വൻ ഇത്തരമൊരു യോഗഭ്രഷ്ടനാണ്. ശ്രീരാമന് ഇവനെ ജയിക്കാൻ കഴിഞ്ഞില്ല. കലിയുഗത്തിൽ വരുന്ന ഒരു ഗുരു നിന്നെ സംഹരിക്കും എന്നുപറഞ്ഞ് ശ്രീരാമന് പിന്മാറേണ്ടി വന്നത് ചരിത്രസത്യമാണല്ലോ. യേശുവിനെ കൊലയ്ക്കു കൊടുത്തത് ഇവനാണ്. നബിയാകട്ടെ, ഇവനെ നോക്കിക്കൊണ്ട് നിലവിളിച്ചുകൊണ്ടു പറഞ്ഞു, അഹോ! ജിന്നുകളാണ് ഉലകം ഭരിക്കുന്നത് എന്ന്. ഇവർ ഒരു ശരീരത്തിൽ വന്നാൽപ്പോലും തിരിച്ചറിയാൻ ഇതുവരെയാർക്കും കഴിഞ്ഞിട്ടില്ല. എന്നാൽ ഈ ഗന്ധർവ്വന്റെ ചരിത്രം നമുക്കിവിടെ വ്യക്തമായി അറിയാം.

ഇവിടെ നടക്കുന്ന എല്ലാ കർമ്മങ്ങളും ബുദ്ധിയ്ക്കും ചിന്തക്കും അതീതമാണ്. അതായത് ഈശ്വരനിശ്ചയം എന്തോ അത്, ആ മഹത്ശക്തിയുടെ ഇച്ഛയ്ക്കൊത്തവണ്ണം നടക്കുന്നു. ഇവിടെ നടക്കുന്നതെല്ലാം വർഷങ്ങൾക്കുമുമ്പ് ഇവിടെ അശരീരിയായി കിട്ടിയിട്ടുള്ളതാണ്. ഇത് ആ മഹത്ശക്തിയുടെ മഹിമ എന്തേ പറയാനാവൂ. ഈ ലോകത്ത് സംഭവിക്കുന്നതെല്ലാം ആ സങ്കൽപ്പത്തിലുള്ളതാണ്. എന്തും ആ ഇച്ഛയ്ക്കൊത്തവണ്ണം മാത്രമേ നടക്കൂ.

ഈശ്വരനിൽനിന്നും വാക്കു കിട്ടുമെന്ന് മോശ പറഞ്ഞപ്പോൾ ജനങ്ങൾ എതിർത്തു. അതേ ആശയം കൊടുത്തുതന്നെ, യാതൊരു യോഗ്യതയും അന്തസ്സും ജന്മംകൊണ്ടു പറയാനില്ലാത്ത യേശുവിനെ രണ്ടായിരം വർഷങ്ങൾക്കുശേഷം ജനിപ്പിച്ച് മാർഗ്ഗദർശിയായി ഈശ്വരൻ ലോകത്തിനു കൊടുത്തു. ബുദ്ധനെയും നബിയേയും ദൈവം അങ്ങനെതന്നെ ജനിപ്പിച്ചു. പക്ഷേ ലോകം സ്വീകരിച്ചില്ല. അതിനുശേഷവും ദൈവനിശ്ചയപ്രകാരം വന്ന ആരെയും ലോകം സ്വീകരിച്ചില്ല. ഫലമോ? വൈദികത്തിനു സ്ഥാനം കൊടുത്ത്, ജാതിവർഗ്ഗഭേദങ്ങൾ വന്ന്, ആകെ നശിച്ചു. ലോക മനുഷ്യസമൂഹത്തിന്റെ ഏറ്റവും വലിയ ദുരന്തത്തിനു കാരണം ഇതാണ്.

ഇരുപത്തഞ്ചു ചതുർയുഗങ്ങളായി ഈ മഹാദോഷം മനുഷ്യരാശിയെ പിന്തുടരുന്നു. മനുഷ്യരാശിയെ ഈ ദോഷത്തിൽ നിന്നും വിമുക്തമാക്കാൻ ഈ കലിയിങ്കൽത്തന്നെ 2444 ഗുരുക്കന്മാരെ ജനിപ്പിച്ചു. ഈ ഗുരുക്കന്മാർക്കെല്ലാം അനുഭവപരമായി ഒരു വിശേഷവിധിയുണ്ടായിരുന്നു. ക്രിസ്ത്യാനികൾ 'തീനാക്ക്' എന്നുപറയുന്നതും മുസ്ലീങ്ങൾ 'നൂർഹാൻ' എന്നു പറയുന്നതും ഈ വിശേഷവിധിയെയാണ്. ഹിന്ദുക്കൾ ഇതിനെ അശരീരി, ദർശനം, പ്രകാശം എന്നിങ്ങനെ പറയുന്നു. ഇതുതന്നെയാണ് സാമാന്യേന നമുക്കുള്ള വിശേഷവിധിയെങ്കിലും, നമ്മുടേത് മറ്റൊരു സവിശേഷതകൂടി ചേർന്നുവന്നതാണ്. എന്തു ചോദിച്ചാലും നമുക്ക് ഈശ്വരങ്കൽ നിന്ന് മറുപടി ലഭിക്കും.

ഇത് അറിയുന്നവരും കാണുന്നവരും കേൾക്കുന്നവരുമാണ് നിങ്ങൾ. ഈ പ്രസ്ഥാനത്തെ (ആശയത്തെ) കുറച്ചെങ്കിലും ചിന്തിച്ചറിഞ്ഞ് ജീവിക്കാൻ ഒരു വാശിയുണ്ടായാൽ ലോകത്തെ ഉപദ്രവിക്കുന്ന പിശാചിനെ മാറ്റിക്കളയാൻ നിങ്ങൾക്ക് കഴിയും. ലോകത്ത് നടക്കുന്ന കൊല്ലിനും കൊലയ്ക്കും വിരാമമിടാൻ കഴിയും.

# വചനദീപ്തി

**ഗുഹ്യം ബ്രഹ്മതദിദം വോ ബ്രവീമി**
**ന മനുഷ്യാൽ ശ്രേഷ്ഠതരം ഹി കിഞ്ചിത്**

*(ഗൂഢമായ ഈ ബ്രഹ്മതത്വം ഞാൻ നിങ്ങൾക്കു പറഞ്ഞുതരാം, മനുഷ്യനേക്കാൾ ശ്രേഷ്ഠമായി യാതൊന്നുമില്ല.)*

- **മഹാഭാരതം**

### സ്പിരിച്വൽ ഡ്യൂട്ടി ലിസ്റ്റ്

17.8.2018 – ജനസേവികപുരം

18.8.2018 – പോത്തൻകോട്

### യാമപ്രാർത്ഥന

2018 ഓഗസ്റ്റ് 16, വ്യാഴം

### ജന്മഗൃഹ തീർത്ഥയാത്ര

2018 ഓഗസ്റ്റ് 17, വെള്ളി

## പ്രകാശപദം

# ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ

ഇപ്പോൾ എന്റെ അച്ഛൻതന്നെ – ഞാൻ ആ കാര്യം നിങ്ങളോടൊന്ന് സൂചിപ്പിക്കട്ടെ– ഇതിനുവേണ്ടി സർവ്വതും ചെയ്തതാണ്. ഒരു നിമിഷം അവിടെ നിൽക്കുന്ന ആ മാവിന്റെ അടുത്തുവച്ച് എന്നെ തള്ളിപ്പറയുന്ന രംഗങ്ങളാണ്. നാലുവണ്ടി ആളും എത്രയോ പേരുമായിട്ട് ഇവിടെ വന്നു കിടന്ന രംഗങ്ങളുണ്ട്. അതു കഴിഞ്ഞിട്ട് എന്നോടു കാണിച്ച സ്നേഹത്തിന്റെ ഒരു ഭാഗത്ത് ഇവിടെ വന്നപ്പോൾ എന്നെ വിളിച്ചു. എന്നിട്ട് ഞാൻ ഒന്നും പറയാനോ സംസാരിക്കാനോ പോയില്ല. അത് വേറെ ഒരു ഭാഗം. ഈ സഹകരണ മന്ദിരത്തിന്റെ മുമ്പിൽ നിന്ന് 'ഞാൻ പോകയാണ്' എന്നു പറഞ്ഞിട്ട് അവിടെ നമസ്കരിച്ചിട്ടുപോയി. ഞാനും തൊഴുതുകൊണ്ട് നിന്നു. അതാണ് ദൈവത്തിന്റെ നിശ്ചയം. എന്താണ്? ഗുരു എത്രയോ കാലങ്ങൾക്കുമുമ്പ് എന്നോട് പറഞ്ഞിരുന്നു! എനിക്കൊരു അനുഭവവശം ഉണ്ടായപ്പോൾ, കുളിക്കാൻ ആറ്റിൽ പോകുന്ന സമയം. ഗുരുവും ഞാനും ബാബുസ്വാമിയും ആരോ ആണ് കൂടെയുള്ളത്. എന്റെ കയ്യിൽ ഗുരുവിന്റെ സോപ്പും തോർത്തും എനിക്ക് ഉടുക്കാനുള്ള വസ്ത്രവും ഉണ്ട്. ഗുരു എന്നോട് ചോദിച്ചു: 'മോൾ ഇന്നലെ കണ്ട ദർശനം എന്താണ്.' അതുപറഞ്ഞപ്പോൾ ഗുരു പറഞ്ഞതാണ്, ഒരു സമയം നിന്റെ അച്ഛനും അമ്മയുംവരെ നിന്നെ തള്ളിപ്പറയുന്ന രംഗം വരുമെന്ന്. ഇങ്ങനെയൊക്കെ അനുഭവം കിട്ടുന്ന ഒരാൾക്ക് അതനുഭവിക്കേണ്ടി വരും എന്നു പറഞ്ഞിട്ട് ഗുരു ആ ആറ്റിലേക്ക് ഇറങ്ങിപ്പോകുന്ന വഴിക്ക് ഒരു കല്ലിൽ ഇരുന്ന്, ആ ദർശനത്തിന്റെ കടുപ്പം കണ്ടിട്ട് ഗുരു സംസാരിച്ച രംഗമുണ്ട്. ഏകദേശം പതിനൊന്നു വർഷം കഴിഞ്ഞിട്ടോ പതിമൂന്ന് വർഷം കഴിഞ്ഞിട്ടോ ഈ ആശ്രമത്തിലുള്ള സകല മൺതരികളും എന്നെ തള്ളിപ്പറഞ്ഞു. ആശ്രമജീവിതത്തിനായിട്ട് നിൽക്കുന്ന സർവരും എന്നെ തള്ളിപ്പറയുമ്പോൾ, ബാഹ്യദൃഷ്ടിയിൽ ഗുരുവും എന്നോട് പറയുകയാണ്– 'നീ ഇറങ്ങിപ്പോയിട്ട് വാ' എന്ന്. അങ്ങനെ ഞാൻ ഒരു മാവിന്റെ ചുവട്ടിൽ വന്നിരുന്നു പ്രാർത്ഥിച്ചു. ആ പ്രാർത്ഥിക്കുന്ന സമയത്ത്, 'ഞാൻ എന്തു ചെയ്യണം എന്ന്' പ്രകാശത്തിനോടു ചോദിച്ചപ്പോൾ കിട്ടുന്നതാണ്: 'മോള് പോയാൽ അപകടം വരും. പോകരു'തെന്ന്.

നിങ്ങളോ, ആശ്രമജീവിതത്തിന്റെ ഒരു ഭാഗത്തേക്ക് നിങ്ങൾ, തക്കം കിട്ടിയാൽ ഗുരുവിനെപ്പോലും പഴിക്കും. എല്ലാവരും എന്നല്ല ഞാൻ പറയുന്നത്.

**ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ**
അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്

# കാലം രചിച്ച അതിബൃഹത്തായ നാടകം

കാലത്തിനൊത്ത ധർമ്മം സംസ്ഥാപനം ചെയ്യപ്പെടാൻ നിയുക്തമായ പുണ്യഭൂമിയാണ് ഭാരതം. ആ നിയോഗം പരിപൂർണ്ണതയിലെത്തിക്കാതെ ഇന്നത്തെ ദുരവസ്ഥയിൽനിന്ന് നമുക്ക് മോചനമില്ല. 'ധർമ്മസംസ്ഥാപനാർത്ഥായ, സംഭവാമി യുഗേ യുഗേ' എന്ന ശ്രീകൃഷ്ണ പരമാത്മാവിന്റെ വാക്കുകളിൽ നിന്ന് ഓരോ യുഗത്തിനും തനതായ ധർമ്മം ഉണ്ട് എന്ന് വ്യക്തമാകുന്നു. നമ്മൾ ജീവിക്കുന്ന കലിയുഗം എന്ന കാലം ദേവന്റെ അധികാരസീമയിൽ വരുന്നില്ല എന്നത് ഭാരതീയ ഗ്രന്ഥങ്ങൾതന്നെ വിളിച്ചുപറയുന്നുണ്ട്.

കലിയുടെ ധർമ്മപഥങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുമ്പോൾ അത് ദേവനെ നിഷേധിക്കലല്ല, ദേവനോടുള്ള നമ്മുടെ കടമ നിർവഹിക്കലാണ് എന്ന് നമ്മൾ അറിയും. കലിയുഗത്തിൽ ദേവന്മാർ മനുഷ്യരായി ജനിച്ച് കർമ്മത്തെ ധർമ്മത്തിലെത്തിച്ച് പുണ്യം നേടി ദേവനും ഋഷിയും ജ്ഞാനിയും സന്ന്യാസിയും ഭക്തനുമായി പരമപദം പുൽകേണ്ടതുണ്ട്. ദേവന്മാർ മനുഷ്യരായി തിരിച്ചുവന്ന് പ്രവർത്തിച്ചാൽ മാത്രമെ മുക്തി ലഭിക്കൂ എന്ന സ്വാമി വിവേകാനന്ദന്റെ വാക്കുകൾ ഇവിടെ സ്മരണീയമാണ്.

കലിയുഗത്തിന്റെ ഈ ധർമ്മത്തെ സാക്ഷാത്കരിക്കുന്ന മഹത്കർമ്മമാണ് ശാന്തിഗിരിയിലെ ഗുരുപൂജ. ആവാഹന കർമ്മങ്ങളാൽ തളയ്ക്കപ്പെട്ടിരിക്കുന്ന, നമ്മുടെ ആരാധനാമൂർത്തികളായി പരിലസിക്കുന്ന ദേവൻ എന്നല്ല, അതിനു താഴെയും മുകളിലുമായി നില്ക്കുന്ന ഏതെല്ലാം ശക്തിവിശേഷങ്ങളുണ്ടോ അവർക്കും അവരുടെ കീഴിൽ നില്ക്കുന്ന നമ്മുടെ പിതൃക്കൾക്കും മോചനം നല്കി അവർക്ക് മനുഷ്യജന്മം നല്കാൻ ഗൃഹസ്ഥാശ്രമികളെ പ്രാപ്തരാക്കുന്ന ശാന്തിഗിരിയിലെ ഈ മഹത്കർമ്മം, കലിയുടെ ധർമ്മത്തെ സാക്ഷാത്കാരത്തിലേക്ക് എത്തിച്ചിരിക്കുന്നു. ദേവനെയോ ത്രിമൂർത്തികളെതന്നെയോ ഉപാസിക്കുന്ന ഒരു ഗുരുവിനെക്കൊണ്ട് ഇത് സാധ്യമല്ല. പരബ്രഹ്മസ്വരൂപനായ ഗുരുവിന് മാത്രം സാധിക്കുന്ന ഈ മഹിതകർമ്മം മനുഷ്യരായ നമ്മെക്കൊണ്ട് പ്രവർത്തിപ്പിക്കുന്ന ശ്രേഷ്ഠകാലമാണ് കലിയുഗം.

കലിയുടെ ഈ ധർമ്മത്തെ ഉൾക്കൊള്ളാൻ നമുക്ക് കഴിയാതെ പോയതിന്റെ ഫലമെന്നോണം കലിയുഗം നാശം എന്നു പറഞ്ഞുറപ്പിച്ചു. വർണ്ണാശ്രമധർമ്മത്തെ നീചമായ ജാതിവ്യവസ്ഥയാക്കി മാറ്റി. തത്ഫലമായി യുഗധർമ്മം എന്ന സത്യം മറയ്ക്കപ്പെട്ടു. അറിവും അധികാരവും ഒരു വിഭാഗം ജനങ്ങളിൽ കേന്ദ്രീകരിക്കപ്പെട്ട സ്ഥിതിവിശേഷം ഇവിടെ സംജാതമായി. അങ്ങനെ ഭാരതത്തിലെ ഭൂരിഭാഗം ജനങ്ങളും ദാരിദ്രത്തിന്റെയും അടിച്ചമർത്തലിന്റെയും കരാളതയിൽപ്പെട്ട് ഞെരിഞ്ഞമർന്നു.

ജനങ്ങളുടെ തോരാത്ത കണ്ണുനീരിന്റെ നനവ് ജഗദീശ്വരൻ അറിഞ്ഞതിന്റെ ഫലമാവാം വിദേശികൾ ഇവിടേക്കു വന്നത്. കാലത്തിന്റെ ആജ്ഞാശക്തിയിൽ ഭരണകൂടങ്ങൾ മാറിമറിയുന്നതുപോലെ സ്വാർത്ഥതാല്പര്യങ്ങൾക്കുവേണ്ടി ഇവിടെ എത്തിയ ഇംഗ്ലീഷ് പട അവരിൽ നിക്ഷിപ്തമായിരുന്ന കർത്തവ്യനിർവഹണത്തിനു ശേഷം അനിവാര്യമായ മടങ്ങിപ്പോകലിന് നിർബന്ധിതരായി. മുള്ളുകൊണ്ട് മുള്ളിനെ എടുക്കുവാൻ കാലം രചിച്ച അതിബൃഹത്തായ നാടകത്തിൽ ബ്രിട്ടീഷുകാർ അവരുടെ ഭാഗം ഭംഗിയാക്കി. അന്ധവിശ്വാസങ്ങളുടെയും ജാതിചിന്തയുടെയും നീരാളിപ്പിടിത്തത്തിൽ നിന്നും അവർ ഒരുപരിധിവരെ നമ്മളെ രക്ഷിച്ചു. ഭാരതം ജനാധിപത്യത്തിലേക്ക് രംഗപ്രവേശനം നടത്തി.

ഭാരതത്തിന്റെ നഷ്ടപ്പെട്ട പ്രതാപം– പൈതൃകം– വീണ്ടെടുക്കാൻ ഒരുങ്ങുകയാണ് ശാന്തിഗിരി ഗുരുപരമ്പര. ഭാരതത്തിന്റെ യഥാർത്ഥ പൈതൃകം എന്തെന്ന് ഗുരുവിലൂടെ നമ്മൾ അറിയുന്നു. പൈതൃകം എന്ന പേരിൽ ഇവിടെ എഴുന്നെള്ളിയിരുന്നത് കേവലം പൊയ്മുഖങ്ങളായിരുന്നു എന്ന തിരിച്ചറിവിൽ നിന്ന് ഒരു നൂതനാശയം ഉദയം ചെയ്തിരിക്കുന്നു. ഈ ആശയം മാനവരാശിയെ ഒന്നിപ്പിക്കും. അത് സ്നേഹത്തിനും സാഹോദര്യത്തിനും വഴിതെളിക്കും. അറിവിന്റെ അതിർവരമ്പുകൾ മായ്ക്കപ്പെടും. അതിനായുള്ള സുവർണ്ണകാലമാണ് കലി.

ആരോഗ്യപരിചയം

# ബ്രഹ്മി എന്ന വിശിഷ്ട ഔഷധം

ഡോ. ഗിരീഷ്. പി. ജി (BAMS)
*ശാന്തിഗിരി ആയുർവേദ ആൻഡ് സിദ്ധ ഹോസ്പിറ്റൽ, കുമിളി*

എല്ലാവിധ മാനസികരോഗങ്ങളുടെയും വൈരി എന്നറിയപ്പെടുന്ന 'ബ്രഹ്മി 'ബഹുവർഷിയായ, പടരുന്ന ഒരു വള്ളിച്ചെടിയാണ്. സാധാരണയായി സൗത്ത് ഇന്ത്യയിലും നോർത്ത് ഇന്ത്യയിലും നനവുള്ള പ്രദേശങ്ങളിൽ കാണപ്പെടുന്ന ഈ ഔഷധം യൂറോപ്പ്, ആഫ്രിക്ക, ഓസ്ട്രേലിയ എന്നീ ഭൂഖണ്ഡങ്ങളിലും കാണപ്പെടുന്നുണ്ട്. *Botanical name* : **Bacopa Monnieri** *Family* : **Scrophuariaceae.**

മനസിന്റെ ഒരു ശ്രേഷ്ഠ ഔഷധമായ ബ്രഹ്മി ഓർമ്മശക്തിയെ വർധിപ്പിക്കാനും ശ്രദ്ധകേന്ദ്രീകരണശക്തി കൂട്ടാനും സഹായിക്കുന്നു. ബുദ്ധിപരമായ എല്ലാ പ്രവർത്തനങ്ങളെയും നിയന്ത്രിക്കുന്ന സാധകപിത്തത്തിന്റെ ( ഹൃദയത്തിലെ പിത്തം ) ഗുണനിലവാരത്തെ മെച്ചപ്പെടുത്തി തലച്ചോറിന്റെ പ്രവർത്തനങ്ങളെ പരിപോഷിപ്പിക്കുന്നു. ത്രിദോഷങ്ങളെ സമാവസ്ഥയിൽ നിലനിർത്താനുള്ള കഴിവ് ബ്രഹ്മിക്കുണ്ട്. കൂടാതെ ശരീരത്തിന്റെ ലസികാ വ്യവസ്ഥ, രക്തചംക്രമണവ്യവസ്ഥ, നാഡീ വ്യൂഹം, ദഹനവ്യവസ്ഥ എന്നിവയെയെല്ലാം ആരോഗ്യത്തോടെ നിലനിർത്താനുള്ള കഴിവുമുണ്ട്.

ആയുർവേദപരമായി ഹൃദയവും മനസും തമ്മിൽ അഭേദ്യമായ ബന്ധമാണുള്ളത്. അതിനാൽതന്നെ ബ്രഹ്മി ഹൃദയാമൃതമായി വർത്തിക്കുന്നു. മജ്ജാധാതുവിനെയും പരിപോഷിപ്പിക്കുന്നു. ചർമവും തലയോട്ടിയും മൃദുലമായി നിലനിർത്താനും സഹായിക്കുന്നു. പെട്ടെന്നുതന്നെ മുറിവുണക്കാനും സഹായിക്കും.

**ബ്രഹ്മിയുടെ വിശേഷപ്രവർത്തനങ്ങൾ**

1) മനോവഹ സ്രോതസിനെ തുറന്നു, കൂടുതൽ പ്രവർത്തനക്ഷമമാക്കുന്നു.
2) നല്ല ബുദ്ധിശക്തിയെയും ഓർമ്മശക്തിയെയും സ്ഥിരപ്പെടുത്തുന്നു.
3) മനസിന്റെ ശ്രദ്ധ കേന്ദ്രീകരണശക്തിയെ വർധിപ്പിക്കുന്നു.
4) സമമായ വികാരസ്ഥിതിയെ നിലനിർത്തുന്നു.
5) പകൽ നല്ല ഊർജസ്വലതയും രാത്രിയിൽ നല്ല ഉറക്കവും പ്രദാനം ചെയ്യുന്നു.
6) രക്തകണികകളെ ആരോഗ്യമുള്ളതാക്കി നിലനിർത്തുന്നു.

**ബ്രഹ്മിയിലെ വിശേഷഘടകങ്ങൾ**

Bacoside A, Bacoside B എന്നീ 2 saponin glycosides അടങ്ങിയിരിക്കുന്നു. കൂടാതെ ബ്രഹ്മിക് ആസിഡും അടങ്ങിയിരിക്കുന്നു.

**ബ്രഹ്മിയുടെ ഉപയോഗങ്ങൾ**

**1) ബ്രഹ്മി ഓയിൽ :**

പുറമേ പുരട്ടുന്നത് ആരോഗ്യമുള്ള ചർമത്തെ നിലനിർത്താനും, സന്ധികളുടെ അനായാസമായ ചലനങ്ങളെ നിലനിർത്താനും സഹായിക്കും. ഈ ഓയിൽ തലയിൽ തേച്ചു കുളിച്ചാൽ മുടിയുടെ വളർച്ച ത്വരിതമാകും. ഒപ്പം ബുദ്ധിശക്തി വർധിക്കുകയും ചെയ്യും.

2) ബ്രഹ്മിയുടെ കൽപം പുറമേ പുരട്ടുന്നത് ചർമത്തിന് നല്ലതാണ്.
3) ബ്രഹ്മിയുടെ കഷായവും, ശീതകഷായവും മനസിന് ഉണർവിനെ ഉണ്ടാക്കാൻ സഹായിക്കുന്നു.
4) ബ്രഹ്മി നെയ്യ് കാച്ചി കുടിച്ചാൽ മാനസിക പിരിമുറുക്കങ്ങളെ ചെറുക്കാനാകും.
5) ബ്രഹ്മി പാലിൽ കാച്ചി കുടിച്ചാൽ എല്ലാ ശാരീരികാവയവങ്ങളും കൂടുതൽ പ്രവർത്തനക്ഷമമാകുന്നു.

**അടുക്കളപ്രയോഗങ്ങൾ**

1) അപസ്മാരത്തിനു 125 mg ബ്രഹ്മീചൂർണം തേനിൽ ചാലിച്ചു കഴിച്ചാൽ അത്യുത്തമമാണ്.
2) ബ്രഹ്മിയുടെ 5 ഇല എടുത്തു സ്വരസമുണ്ടാക്കി തേനിൽ ചാലിച്ചു സേവിച്ചാൽ ശിരസ്സിനു ഉത്തമമായ അമൃത് ആയിരിക്കും.
3) മലദ്വാരം പുറത്തേക്കു തള്ളിവരുന്ന അസുഖത്തിന് 125 mg ചൂർണം നെയ്യിൽ ചേർത്ത് രണ്ടു നേരം കഴിച്ചാൽ ശമനം കിട്ടും.

ഇങ്ങനെയെല്ലാം നോക്കുമ്പോൾ 'ബ്രഹ്മി' തലച്ചോറിനു മാത്രമല്ല ശരീരത്തിനാകെ ഒരു ദിവ്യൗഷധമാണ്.



*പൊതുയോഗത്തിൽ സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വി സംസാരിക്കുന്നു*

# ഗൃഹസ്ഥാശ്രമസംഘം പൊതുയോഗം

**സ്പിരിച്വൽ സോൺ:** ഓഗസ്റ്റ് അഞ്ച് ഞായറാഴ്ച രാവിലെ 7.30 ന് പ്രാർത്ഥനാപൂർവ്വം ആരംഭിച്ച ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘം പൊതുയോഗത്തിൽ സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി അദ്ധ്യക്ഷത വഹിച്ചു. സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വി, ജനനി പ്രാർത്ഥന ജ്ഞാനതപസ്വിനി എന്നിവർ മഹനീയ സാന്നിധ്യമായി. കുമാരി ശാന്തിപ്രിയ ആർ. ഗുരുവാണി വായിച്ചു. എം.പി. പ്രമോദ് സ്വാഗതം ആശംസിച്ചു.

സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി, യാമപ്രാർത്ഥന ചെയ്യുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചും അതിൽ പങ്കെടുക്കുന്ന ഓരോരുത്തർക്കും ഉണ്ടാകുന്ന ഭാഗ്യത്തെക്കുറിച്ചും വളരെ വിശദമായി സംസാരിച്ചു. 1996 ൽ ഗുരുവിനോടൊപ്പം കന്യാകുമാരിയിൽ യാത്ര പോയപ്പോൾ ഉണ്ടായ അനുഭവത്തെക്കുറിച്ചും വിശദീകരിച്ചു.

സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വി വളരെ അർത്ഥവത്തായ ഒരു കഥയിലൂടെ മൂന്ന് ഉപദേശങ്ങളാണ് നല്കിയത്. കുറുക്കുവഴികൾ തേടരുത്, പ്രലോഭനങ്ങളിൽ പെടരുത്, ദേഷ്യമോ സങ്കടമോ അതിയായ സന്തോഷമോ വരുമ്പോൾ പ്രധാനപ്പെട്ട തീരുമാനങ്ങൾ എടുക്കരുത് എന്നതായിരുന്നു കഥയിലെ അന്ത:സത്ത. ഗുരുവിന്റെ നവപൂജിതം ആഘോഷങ്ങളോടനുബന്ധിച്ച് നടത്താനുദ്ദേശിക്കുന്ന പരിപാടികളെക്കുറിച്ച് ജനനി പ്രാർത്ഥന ജ്ഞാനതപസ്വിനി തുടർന്ന് സംസാരിച്ചു.

യോഗത്തിൽ ഡോ. കെ. ആർ. എസ്. നായർ, റ്റി.കെ. ഉണ്ണികൃഷ്ണപ്രസാദ്, പി. പി. ബാബു, രഞ്ജിത വി. എന്നിവരും സംബന്ധിക്കുകയുണ്ടായി. ശേഷം പ്രാർത്ഥനയോടെ യോഗം ഗുരുപാദങ്ങളിൽ സമർപ്പിച്ചു.

# വേൾഡ് ഫിലോസഫി കോൺഗ്രസിൽ എസ്.ആർ.എഫ്. പങ്കെടുക്കും

**റിസർച്ച് സോൺ :** ചൈനയിലെ ബീജിംഗിൽ വച്ച് നടക്കുന്ന വേൾഡ് ഫിലോസഫി കോൺഗ്രസിൽ ശാന്തിഗിരി റിസർച്ച് ഫൗണ്ടേഷനെ പ്രതിനിധീകരിച്ച് സീനിയർ ഫെലോ ഡോ. കെ. ഗോപിനാഥൻ പിള്ള പങ്കെടുക്കും. ആഗസ്റ്റ് 10 മുതൽ 22 വരെ പീക്കിംഗ് യൂണിവേഴ്സിറ്റിയിൽ വച്ചു ചേരുന്ന വേൾഡ് കോൺഗ്രസിൽ ലോകമെമ്പാടു നിന്നുമുള്ള 3000 പ്രതിനിധികൾ ഭാഗഭാക്കാകും. രണ്ട് പ്രബന്ധങ്ങളാണ് ഡോ.ഗോപിനാഥൻ പിള്ള അവതരിപ്പിക്കുന്നത്. അഞ്ച് വർഷത്തിലൊരിക്കലാണ് ഫിലോസഫി കോൺഗ്രസ് നടക്കുന്നത്.



*ശാന്തിഗിരി ശാന്തിമഹിമ പ്രവർത്തകർ മധുരം ബേക്കറി പരിസരത്ത് നടത്തിയ റോഡ് ശുചീകരണകർമ്മം*

# എസ്.ഐ.റ്റി.ഡി. ട്രെയിനിംഗ്

**കൊച്ചി:** ആലപ്പുഴ, കോട്ടയം, ഇടുക്കി എറണാകുളം, പാലക്കാട് എറണാകുളം എന്നി ജീല്ലകളിൽ ഉൾപ്പെടുന്ന ആശ്രമം ഏരിയ ഓഫീസ് സ്റ്റാഫംഗങ്ങൾക്കായി ഓഗസ്റ്റ് 13, 14 തീയതികളിൽ ഹോട്ടൽ പേൾ പാലസിൽ വച്ച് ട്രെയിനിംഗ് ക്ലാസ് നടക്കും. ശാന്തിഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രെയിനിംഗ് ആന്റ് ഡെവലപ്മെന്റ് സംഘടിപ്പിക്കുന്ന പരിപാടി നയിക്കുന്നത് ഡോ. കെ.ആർ.എസ് നായർ ആണ്.



*മാതൃഭൂമി സീഡ് തിരുവനന്തപുരത്ത് സംഘടിപ്പിച്ച സീഡ് റിപ്പോർട്ടർ ശില്പശാലയിൽ ശാന്തിഗിരി വിദ്യാഭവനെ പ്രതിനിധീകരിച്ച് പങ്കെടുത്ത* **മനുശ്രീ ജെ.ആർ.** *ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂൾ പതിനൊന്നാം ക്ലാസ് വിദ്യാർത്ഥിനിയാണ്.*

# ആയുഷ് കോൺക്ലേവിൽ ശാന്തിഗിരി

(ഒന്നാം പേജ് തുടർച്ച)

ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിൽ നിന്നും ഇരുപതിലധികം ഹൗസ് സർജൻമാരും വിദ്യാർത്ഥികളും അധ്യാപകരും ഇന്റർനാഷണൽ ആയുഷ് കോൺക്ലേവിൽ സംബന്ധിക്കുമെന്ന് മെഡിക്കൽ എഡ്യുക്കേഷൻ വിഭാഗം അസിസ്റ്റന്റ് ജനറൽ മാനേജർ എസ്. വിജയൻ അറിയിച്ചു.

ഇന്റർനാഷണൽ ആയുഷ് കോൺക്ലേവിൽ ഇന്ത്യയിലെ 29 സംസ്ഥാനങ്ങളുടെയും പങ്കാളിത്തമുണ്ടാകും. ഈ സംസ്ഥാനങ്ങൾ ആയുഷ് മേഖലയിൽ നടത്തിയ മികവുറ്റ പ്രവർത്തനങ്ങൾ എക്സ്പോയിൽ പ്രദർശിപ്പിക്കും. വിവിധ സംസ്ഥാനങ്ങളിൽനിന്നുള്ള ഔഷധസസ്യ കർഷകർ ഔഷധ നിർമ്മാതാക്കൾ ചികിത്സാസ്ഥാപനങ്ങൾ എന്നിവരുടെ പ്രദർശന സ്റ്റാളുകൾ ആയുഷ് കോൺക്ലേവിൽ ഉണ്ടാകും.

ഇന്റർനാഷണൽ സെമിനാർ ഔഷധനയ ശില്പശാല, ആയുഷ് അധിഷ്ഠിത വെൽനെസ് ടൂറിസം ശില്പശാല, ആരോഗ്യഭക്ഷണം, ആയുഷ് സ്റ്റാർട്ടപ്പ് കോൺക്ലേവ്, ഔഷധസസ്യ കർഷകസംഗമം, ഔഷധസസ്യ പ്രദർശനം എന്നിവയും കോൺക്ലേവിൽ ഉണ്ടാകും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട പ്രോജക്റ്റുകളുടെ അവതരണവും മികച്ചതിന്റെ തെരഞ്ഞെടുപ്പും കോൺക്ലേവിൽ നടക്കും. ആയുഷ് മേഖലയിലെ പ്രമുഖ സ്ഥാപനങ്ങളും സംരംഭകരും കോൺക്ലേവിൽ സംബന്ധിക്കുന്നുണ്ട്.



## 72 ാം സ്വാതന്ത്ര്യദിനം ബുധനാഴ്ച

# ശാന്തിഗിരി വിദ്യാഭവന് മലയാള മനോരമ 'നല്ലപാഠം' പുരസ്കാരം

**എഡ്യൂക്കേഷൻ സോൺ:** മികവുറ്റ പ്രവർത്തനങ്ങളെ മുൻനിർത്തിയുള്ള മലയാള മനോരമ നല്ലപാഠം പുരസ്കാരം ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിന് ലഭിച്ചു. തിരുവനന്തപുരം പബ്ലിക് ലൈബ്രറി ഓഡിറ്റോറിയത്തിൽ വച്ചു നടന്ന ചടങ്ങിൽ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി എ. ഷാജഹാൻ ഐ.എ.എസിൽ നിന്ന് നല്ലപാഠം കോഡിനേറ്റർ ബിന്ദു നന്ദന, ഷൈജു കെ. മാലൂർ എന്നിവർ ചേർന്ന് പുരസ്കാരം ഏറ്റുവാങ്ങി. അദ്ധ്യാപകർക്ക് ആദരമൊരുക്കി ഗോപിനാഥ് മുതുകാട് അവതരിപ്പിച്ച ഗുരുദക്ഷിണ എന്ന പരിപാടി ചടങ്ങിലെ മുഖ്യ ആകർഷണമായിരുന്നു.

നല്ലപാഠം എക്സിക്യൂട്ടീവ് മഹേഷ് ഗുപ്തൻ, മനോരമ പ്രതിനിധികൾ, സാമൂഹിക പ്രവർത്തകർ, അദ്ധ്യാപകർ തുടങ്ങിയവരും ചടങ്ങിൽ പങ്കെടുത്തു.



*'നല്ലപാഠം' പുരസ്കാരം ശാന്തിഗിരി വിദ്യാഭവനുവേണ്ടി ബിന്ദു നന്ദന, ഷൈജു കെ. മാലൂർ എന്നിവർ ഏറ്റുവാങ്ങുന്നു*

## പ്രകൃതിക്ഷോഭം: ശാന്തിഗിരി ഹെൽപ് ലൈൻ

**സ്പിരിച്വൽ സോൺ:** സംസ്ഥാനത്ത് രൂക്ഷമായിക്കൊണ്ടിരിക്കുന്ന മഴവെള്ളക്കെടുതിയിൽ സഹായം നൽകാൻ ആശ്രമം സെൻട്രൽ ഓഫീസിൽ അടിയന്തര ഹെൽപ് ലൈൻ സംവിധാനം രൂപീകരിച്ചു. ആശ്രമം ബ്രാഞ്ചുകൾ, ഓഫീസുകൾ, വസ്തുവകകൾ, ആത്മബന്ധുക്കളുടെ ഭവനങ്ങൾ ഇവയ്ക്ക് നേരിടുന്ന ബുദ്ധിമുട്ടുകൾ ഹെൽപ് ലൈനിൽ വിളിച്ച് അറിയിക്കാവുന്നതാണ്. ബന്ധപ്പെടേണ്ട നമ്പർ: എം.പി. പ്രമോദ് 8111882458, വിഷ്ണു ജി.എസ്. 8111882383, ഷിജു പവിത്രൻ 8111882480.

# പൗർണമിയാത്ര ടൂർ പ്രോഗ്രാം

**ഹൈദരാബാദ്:** ശാന്തിഗിരി ആശ്രമം ഹൈദരാബാദ് റീജിയണൽ ഓഫീസിന്റെ ആഭിമുഖ്യത്തിൽ ഹൈദരാബാദിൽ നിന്ന് പൗർണ്ണമിയാത്ര ടൂർ പ്രോഗ്രാം സംഘടിപ്പിക്കും. പൗർണമി ദിനത്തിന് മൂന്നു ദിവസം മുൻപേ ആരംഭിക്കുന്ന യാത്ര തിരുവനന്തപുരം, കന്യാകുമാരി, പൊൻമുടി തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിച്ച് മൂന്നാം ദിവസം വൈകുന്നേരം ആശ്രമത്തിൽ എത്തിച്ചേരും. നാലാം ദിവസമായ പൗർണമി ദിനത്തിൽ ഗുരുദർശനത്തിലും ദീപപ്രദക്ഷിണത്തിലും പങ്കെടുത്തശേഷം, അടുത്ത ദിവസം തിരികെ മടങ്ങുന്ന വിധമാണ് യാത്ര പ്ലാൻ ചെയ്തിരിക്കുന്നത്.

ഹൈദരാബാദ്, നിസാമബാദ്, കടപ്പ, വിശാഖപട്ടണം തുടങ്ങിയ ആന്ധ്ര, തെലങ്കാന നഗരങ്ങളിൽ നിന്നുള്ളവർക്ക് ഈ ടൂർ പാക്കേജിൽ പങ്കെടുക്കാം. എയർ, ട്രെയിൻ പാക്കേജുകൾ ഉണ്ടായിരിക്കും. റിജുവനേഷൻ മസാജ്, കന്യാകുമാരി ആശ്രമം സന്ദർശനം എന്നിവയും പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.



*തെലങ്കാനയിൽ നിന്നുള്ള എം.എൽ.എമാർ ഓഗസ്റ്റ് 9 ന് ആശ്രമം സന്ദർശിച്ചപ്പോൾ*



*ആഗസ്റ്റ് 9 നടന്ന സൗജന്യ സിദ്ധ ഡിസ്പെൻസറി ആലോചനാ യോഗം*

## ഫുട്ബോൾ ടൂർണമെന്റ്

**തിരുവനന്തപുരം :** ശാന്തിഗിരി ശാന്തിമഹിമ നവപൂജിതത്തോടനുബന്ധിച്ച് ഓഗസ്റ്റ് 16, 17 തിയതികളിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് ഗ്രൗണ്ടിൽ വച്ച് ഇന്റർ സ്കൂൾ ഫുട്ബോൾ ടൂർണമെന്റ് സംഘടിപ്പിക്കും.










Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
Editorial Head: Janani Divya Jnana Thapaswini, Editor: T. Sasimohan, Deputy Editor: Anil Cherthala